# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4099** **27.06.2012-ൽ മറുപടിക്ക്**

## ഒ.ഡി.ഇ.പി.സി. മുഖേന വിദേശ റിക്രൂട്ട്മെന്റ്

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ സി. കെ. നാണു<br>ശ്രീ മാത്യൂ. റ്റി. തോമസ് | ഉത്തരം<br>ശ്രീ ഷിബു ബേബി ജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒ.ഡി.ഇ.പി.സി ഏതെല്ലാം രാജ്യങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) തൊഴിൽ ദാതാവ് ആവശ്യപ്പെടുന്ന എല്ലാ രാജ്യങ്ങളിലേയ്ക്കും ഒ.ഡി.ഇ.പി.സി. റിക്രൂട്ട്മെന്റ് നടത്താറുണ്ട്. |
| (ബി) കഴിഞ്ഞ വർഷം ഇതു മുഖേന എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം (2011-12) 225 പേർക്ക് ഒഡെപെക് മുഖേന ജോലി ലഭിച്ചിട്ടുണ്ട്. |
| (സി) കൂടുതൽ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) കൂടുതൽ രാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന്റെ ഭാഗമായി ഒഡെപെക്-ന്റെ മാനേജിംഗ് ഡയറക്ടർ ന്യൂഡൽഹിയിലും മുംബൈയിലും പ്രവർത്തിക്കുന്ന വിദേശ എംബസികൾ/ കോൺസുലേറ്റ് സന്ദർശിച്ച് ഒഡെപെക് നടത്തുന്ന റിക്രൂട്ട്മെന്റ് വിവരങ്ങൾ അറിയിക്കുന്നുണ്ട്. കൂടാതെ മാനേജിംഗ് ഡയറക്ടർ യു.എ.ഇ., ഖത്തർ എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും വിദേശ മലയാളി സംഘടനകളുടെ ഭാരവാഹികളുടെ സാന്നിദ്ധ്യത്തിൽ വിവിധ തൊഴിൽ ദാതാക്കളെ സന്ദർശിച്ച് ഒഡെപെക് വഴി റിക്രൂട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ